മായ ശ്രമങ്ങരം അടുത്തകാലത്തു നടന്നു. ഗോവൻ ദേശീയത സംരക്ഷിക്കു ന്നതിനും വളർത്തുന്നതിനുമുള്ള യത്നത്തിൻെറ പരിണതഫലമായി, 1987 മെയ് 30-ാം തീയതി ഗോവയ്ക്ക് ഇന്ത്യൻ യൂണിയനിലെ ഒരു സംസ്ഥാനം എന്ന പദവി കൈവരികയുംചെയ്തു. കേരളംകൂടി നഷ്ടപ്പെട്ടശേഷം, നർമദയ്ക്കു തെക്കു തങ്ങരംക്ക് ആധിപത്യമുള്ള ഒരു സംസ്ഥാനം എങ്കിലും ഉണ്ടായിരിക്കണമെന്ന കോൺഗ്രസ്സിൻെറ ആഗ്രഹമാണ് ഇത്രയും വേഗത്തിലും അനായാസമായും ഗോവയ്ക്കു സംസ്ഥാനപദവി നേടിക്കൊടുത്തതെന്നു കരുതുന്നവർ കുറവല്ല. ഗോവയിൽ ഇപ്പോരം നിലവിലുള്ളതു കോൺഗ്രസ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു മന്ത്രിസഭയാണ്.

ഗോവയെ ഇന്ത്യയിലെ ഒരു മാതൃകാസ്റ്റേററ് ആക്കുമെന്ന്, ആ സംസ്ഥാനത്തിലെ ആദ്യത്തെ മുഖ്യമന്ത്രിയായ ശ്രീ പ്രതാപസിംഹ് റാവുജിറാണേ പ്രഖ്യാപിച്ചിട്ടുണ്ട്. പല കാര്യങ്ങളിലും ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ മുൻവരിയിൽ ഒരു സ്ഥാനം ഇപ്പോരംത്തന്നെ ഗോവയ്ക്കു കൈവന്നിരിക്കുന്നു. ഗോവയിലെ മിക്ക ഗ്രാമങ്ങളിലും കുടിവെള്ളവും വിദ്യുച്ഛക്തിയും ടെലിഫോണും നല്ല റോഡുകളും ഉണ്ട്. സക്ഷരതയിൽ ഗോവ മുന്നിട്ടുതന്നെ നില്ക്കുന്നു. വിനോദയാത്രക്കാരുടെ സ്വർഗം എന്ന പദവിയും ഗോവ നേടിയിരിക്കുന്നു. കൃഷി ആധുനികീകരിക്കുന്നതിനും, പരിസ്ഥിതിയെ മലിനമാക്കാത്ത ലഘു വ്യവസായങ്ങരം സ്ഥാപിക്കുന്നതിനുമായിരിക്കും താൻ മുൻഗണന നൽകുക എന്ന മുഖ്യമന്ത്രി റാണേയുടെ പ്രസ്താവന സ്വാഗതാർഹമാണ്.

ഈ പുതിയ സംസ്ഥാനത്തിനു നാം ത്വരിതപുരോഗതി നേരുക!

(6 ജൂൺ, 1987)

# 24. നമ്മുടെ പാർലമെൻററ്

രാജ്യസഭയിൽ ഇരുനൂററിനാൽപ്പത്തിനാലും ലോകസഭയിൽ അഞ്ഞൂററിനാൽപ്പത്തിനാലും അടക്കം എഴുന്നൂറെറൺപത്തെട്ടംഗങ്ങളാണ് ഇന്ത്യയുടെ പരമാധികാരസഭയായ പാർലമെൻററിൽ ഉള്ളതു്. വലിയ ഒരു കൂട്ടം തന്നെ, അല്ലേ?

നമ്മുടെ രാഷ്ട്രത്തിൻെറ ഇന്നത്തെ മാത്രമല്ല നാളത്തെയും ഭാഗധേയം നിർണയിക്കുന്ന ഈ പാർലമെൻററംഗങ്ങരം ആരൊക്കെയാണ്.

ഇന്ത്യാഗവണ്മെൻറിൻെറ വാർത്താവിതരണ പ്രക്ഷേപണവകുപ്പിൻെറ കീഴിലുള്ള പബ്ലിക്കേഷൻസ് ഡിവിഷൻ വർഷംതോറും പ്രസിദ്ധീകരിക്കുന്ന 'റഫറൻസ് ആന്വലുകരം' നോക്കിയാൽ അതാതു കാലത്തെ പാർലമെൻററ് അംഗങ്ങളുടെ പേരുവിവരവും, അവരോരോരുത്തരും ഏതു പ്രദേശത്തിലെ ജനങ്ങളെ പ്രതിനിധാനംചെയ്യുന്നു എന്ന വിവരവും മനസ്സിലാക്കാം.

പക്ഷേ, അതുകൊണ്ടായില്ലല്ലോ. ഈ അംഗങ്ങരംക്ക് ഓരോരുത്തർക്കും എത്ര വയസ്സായി? അവർ എത്രത്തോളം പഠിപ്പുള്ളവരാണ്? എന്താണ് അവരുടെ സാമൂഹ്യ–സാമ്പത്തിക പശ്ചാത്തലം? നമ്മുടെ രാഷ്ട്രത്തിൻെറ ഇന്നത്തെയും നാളത്തെയും ഭാഗ്യ–നിർഭാഗ്യങ്ങരം രൂപപ്പെടുത്താൻ ഈ പാർലമെൻററംഗങ്ങളിൽ ഓരോരുത്തർക്കും എത്രമാത്രം അർഹതയുണ്ടെന്നു നിർണയിക്കണമെങ്കിൽ, അവരെ സംബന്ധിച്ച് ഇപ്പറഞ്ഞ തരത്തിലുള്ള പല വിവരങ്ങളും നാം അറിഞ്ഞിരിക്കണം.

'നാം' എന്നാൽ ഈ രാജ്യത്തെ എല്ലാ ജനങ്ങളും. അതു സാദ്ധ്യമല്ലെങ്കിൽ, ഈ രാജ്യത്തെ പ്രായപൂർത്തിയെത്തിയ, വോട്ടവകാശമുള്ള, എല്ലാ പൗരരും. ഇത്തരം കാര്യങ്ങളെപ്പററി ആലോചിക്കേണ്ട ബാദ്ധ്യത ജനാധിപത്യത്തിൽ എല്ലാ പൗരന്മാർക്കുമുണ്ട്.

'ലോകസഭയിലെ അംഗങ്ങൾ: അവരുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം സംബന്ധിച്ച ഒരു പഠനം' എന്ന ഒരു ലഘുലേഖ ഈയിടെ ലോകസഭയുടെ സിക്രട്ടേറിയററ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലഘുലേഖയിലെ ചില വിവരങ്ങൾ അടുത്ത കാലത്തു് ഏതാനും പത്രങ്ങളിൽ കാണുകയുണ്ടായി. വിവരങ്ങൾ അപൂർണങ്ങളാണ്; പക്ഷേ, തികഞ്ഞ വിവരമില്ലായ്മയെക്കാൾ ഭേദമാണല്ലോ അപൂർണവിവരം.

ശ്രദ്ധിക്കേണ്ട ഒരു സംഗതി ആണ്ടുകൾ ചെല്ലുംതോറും നാം കൂടുതൽ കൂടുതൽ 'വൃദ്ധഭരണ'ത്തിനു വിധേയരായിക്കൊണ്ടിരിക്കുന്നു എന്നതാണ്. ഇപ്പോൾ നിലവിലുള്ളതു് എട്ടാമത്തെ ലോകസഭയാകുന്നു. ഇതിൽ കിഴവന്മാരായ അംഗങ്ങളുടെ എണ്ണം ഇതിനു മുമ്പിലെ ഏഴു ലോകസഭകളിലേക്കാളും കൂടുതലാണ്.

അംഗംഗളിതം പലിതം മുണ്ഡം
ദശന വിഹീനം ജാതം തുണ്ഡം
വൃദ്ധോ യാതി ഗൃഹീത്വാ ദണ്ഡം

എന്ന നിലയിലെത്തിയാലും, നമ്മുടെ നാട്ടിലെ രാഷ്ട്രീയക്കാർക്കു താല്പര്യം എങ്ങനെയെങ്കിലും ഒരു വട്ടംകൂടി പാർലമെൻറിൽ അംഗത്വം നേടി, അതിൽനിന്നു കൈവരുന്ന അധികാരങ്ങളും അവകാശങ്ങളും പ്രത്യേക സൗകര്യങ്ങളും സാമ്പത്തികനേട്ടങ്ങളും മററും അനുഭവിക്കാനാണ്; ചെറുപ്പക്കാർക്ക് വഴിയൊഴിഞ്ഞുകൊടുത്തു് ജനസേവനപരങ്ങളായ സാംസ്കാരികപ്രവർത്തനങ്ങൾകൊണ്ടു ശിഷ്ടജീവിതത്തെ ധന്യമാക്കാനല്ല.

ഇപ്പോഴത്തെ ലോകസഭയിൽ മുപ്പത്തഞ്ചു വയസ്സിനു താഴെ പ്രായമുള്ളവരുടെ എണ്ണം നാല്പത്തിമൂന്നു മാത്രമാണ്. ആദ്യത്തെ ലോകസഭയിൽ ഈ പ്രായപരിധിയിലുള്ളവരുടെ എണ്ണം ഇതിൻെറ ഇരട്ടിയോളമായിരുന്നു—എൺപത്തിരണ്ട്. അവരിൽത്തന്നെ ഇരുപത്തെട്ടു പേർ മുപ്പതു വയസ്സിൽ താഴെ പ്രായമുള്ളവരുമായിരുന്നു. ഇത്തവണ ലോകസഭയിൽ മുപ്പതു വയസ്സിൽ താഴെ പ്രായമുള്ള ഏഴ് അംഗങ്ങൾ മാത്രമേയുള്ളു.

മുപ്പത്താറിനും നാല്പത്തഞ്ചിനും ഇടയ്ക്കു പ്രായമുള്ള നൂററിമുപ്പത്തിമൂന്ന് അംഗങ്ങളാണ് ഇപ്പോൾ ലോകസഭയിലുള്ളതു്. ഇതിനു മുമ്പത്തെ ലോകസഭയിൽ ഈ പ്രായപരിധിയിലുള്ളവരുടെ എണ്ണം നൂററി നാല്പത്താറ് ആയിരുന്നു.

ഇത്തവണ ലോകസഭയിൽ നൂററിരുപത്തിനാല് അംഗങ്ങൾ അറുപതിനുമേൽ പ്രായമുള്ളവരാണ്. ഒന്നാമത്തെ ലോകസഭയിൽ അറുപതു വയസ്സ് കഴിഞ്ഞവരുടെ എണ്ണം നാൽപതു മാത്രമായിരുന്നു.

അംഗങ്ങളുടെ പ്രായം ഏറിവരുന്ന തോതിന്, പിന്നെപ്പിന്നെ അവരുടെ വിദ്യാഭ്യാസയോഗ്യതയും വർദ്ധിച്ചാണു വരുന്നതു്. ഇത്തവണ ലോകസഭയിൽ ഇരുനൂററി മുപ്പത്തെട്ട് അംഗങ്ങൾ സർവകലാശാലാ ബിരുദം നേടിയവരും, നൂററിമുപ്പത്തൊന്നു പേർ ബിരുദാനന്തര ബിരുദം ഉള്ളവരുമാണ്. ഇതിനു മുമ്പിലത്തെ നിയമസഭയിൽ ബിരുദാനന്തര ബിരുദധാരികളുടെ എണ്ണം ഇപ്പോഴത്തേതിൽ കൂടുതലായിരുന്നു—ഒരുനൂററി മുപ്പത്താറ്. ഇപ്പോൾ ലോകസഭയിൽ അംഗങ്ങളായുള്ളവരിൽ പത്താംതരം പാസ്സാവാത്തവരുടെ എണ്ണം നാല്പത്തിരണ്ടു മാത്രമാണ്.

ഇവരിൽ ആരെങ്കിലും നിരക്ഷരരാണോ എന്ന വിവരം പത്രലേഖനത്തിൽ കണ്ടില്ല; ലഘുലേഖയിൽ ഉണ്ടോ, ആവോ!

ലോകസഭാംഗങ്ങളുടെ തൊഴിൽ എന്താണ്? 'രാഷ്ട്രീയം' എന്ന, ഋജുവായ, ഉത്തരം പ്രതീക്ഷിക്കുന്ന വായനക്കാരേ, നിരാശപ്പെട്ടുകൊള്ളുക! ഇപ്പോഴത്തെ ലോകസഭാംഗങ്ങളിൽ ഇരുനൂററിമൂന്നു പേർ കർഷകരാണത്രേ. ലോകസഭയിൽ നല്ല പ്രാതിനിധ്യമുള്ള മറെറാരു മുഖ്യ തൊഴിൽ വിഭാഗം അഡ്വക്കേററുമാരാണ്—നൂറെറാന്നു പേർ. പക്ഷേ, ഒന്നാമത്തെ ലോകസഭയിൽ നൂററമ്പത്തിമൂന്ന് അഡ്വക്കേററുമാർ ഉണ്ടായിരുന്നു എന്ന് ഓർക്കുക. സ്വാതന്ത്ര്യലാഭത്തിശേഷം രാഷ്ട്രീയത്തിലേക്കു തിരിയുന്ന അഡ്വക്കേററുമാരുടെ എണ്ണം ഇന്ത്യയിൽ കുറഞ്ഞു വരുകയാണ്.

പാർലമെൻറ് അംഗത്വം ആദ്യത്തെ തവണ നേടിയവർ ഇക്കുറി ലോകസഭയിൽ ഇരുനൂററുപത്തിനാലു പേരുണ്ട്. ഇതിനു മുമ്പിലത്തെ ലോകസഭയിൽ ആദ്യമായി അംഗങ്ങളാകുന്നവരുടെ എണ്ണം നൂററമ്പതു മാത്രമായിരുന്നു. ഏഴാം ലോകസഭയിലെ ഇരുനൂററി മുപ്പത്തേഴ് അംഗങ്ങൾ എട്ടാം ലോകസഭയിലും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ലോകസഭയിലെ അഞ്ഞൂററി നാല്പത്തിനാല് അംഗങ്ങളിൽ നാല്പത്തിനാലു സ്ത്രീകൾ മാത്രമേ ഉള്ളൂ—അതായത് പന്ത്രണ്ടു പുരുഷന്മാർക്ക് ഒരു സ്ത്രീയിൽത്താഴെ. ഇന്ത്യയിലെ സ്ത്രീകളേ, സംഘടിക്കുക! നിങ്ങൾക്കു നഷ്ടപ്പെടുന്നതു് എത്ര ലോകസഭാ സീററുകളാണെന്ന് അറിയുക! പുരുഷന്മാരിൽനിന്ന് അവ പിടിച്ചടക്കുന്നതിന് സമരം ചെയ്യുക! ലോകസഭാംഗങ്ങളായ നാല്പത്തിനാലു സ്ത്രീകളിൽ, നാല്പതിനും അറുപത്തഞ്ചിനുമിടയ്ക്കു പ്രായമുള്ളവരാണ് മുപ്പത്തിരണ്ടു പേർ. ആറു സ്ത്രീ അംഗങ്ങൾക്ക് അറുപത്തഞ്ചിൽ കൂടുതൽ വയസ്സായി. ആറു സ്ത്രീ—ലോകസഭാംഗങ്ങൾ മാത്രമാണ് നാല്പതു വയസ്സിനു താഴെയുള്ളവർ. സ്ത്രീ—ലോകസഭാംഗങ്ങളിൽ പതിന്നാലു പേർ ബിരുദധാരിണികളും, പത്തു പേർ ബിരുദാനന്തര ബിരുദധാരിണികളും മൂന്നു പേർ പിഎച്ച്. ഡി.ക്കാരുമാണ്. ഒരാൾ മുമ്പ് ഒരു നാട്ടുരാജ്യത്തിലെ ഭരണാധികാരി ആയിരുന്നു. ഇപ്പോഴത്തെ ലോകസഭയിൽ അവിവാഹിതരായ നാലു സ്ത്രീ—അംഗങ്ങൾ ഉണ്ട്.

ലോകസഭയുടെ നേതാവും പ്രധാനമന്ത്രിയുമായ രാജീവ്ഗാന്ധിക്ക് നാല്പത്തിരണ്ടു വയസ്സേ ആയിട്ടുള്ളു. രാജീവ്ഗാന്ധിയുടെ വെള്ളെഴുത്തു കണ്ണട വെക്കാത്ത മുഖം ടെലിവിഷൻ സ്ക്രീനുകളിലും വൃത്താന്തപത്രങ്ങളിലെ ചിത്രങ്ങളിലും നിറഞ്ഞു നില്ക്കുന്നതു കണ്ടു പരിചയിച്ച നമുക്ക്, നമ്മുടെ ഭരണവ്യവസ്ഥയെ നിയന്ത്രിക്കുന്ന രാഷ്ട്രീയസംവിധാനം യുവജനങ്ങൾക്കു ഭൂരിപക്ഷമുള്ള ഒന്നാണെന്ന ധാരണ ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ട്. ഈ ധാരണ തെററാണ്. വൃദ്ധാധിപത്യത്തിൽനിന്ന് ഇന്ത്യൻ പാർലമെൻററി സമ്പ്രദായത്തിനു മോചനം കൈവന്നിട്ടില്ല. ഓരോ തിരഞ്ഞെടുപ്പു കഴിയുന്തോറും, നമ്മുടെ പാർലമെൻറിനു മേൽ വൃദ്ധന്മാർ കൂടുതൽ പിടിമുറുക്കി വരുകയുമാണ്.

യുവാക്കൾ എന്തു പറയുന്നു?

(15 മാർച്ച്, 1987)